പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5127 — 24.10.2011-ൽ മറുപടിക്ക്

## പുതിയ കയർപിരിയന്ത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) എൻ.സി.ആർ.എം.ഐ-യിൽ പുതിയ കയർ പിരി യന്ത്രം ആവിഷ്കരിക്കുവാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) കയർ മേഖലയിൽ നിലവിലുള്ള കയർ പിരിയന്ത്രത്തിൽ ഉണ്ടായിരുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനും, അതിന്റെ ഉല്പാദന ക്ഷമത കൂട്ടുന്നതിനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് പുതിയ കയർ പിരി യന്ത്രത്തിന് രൂപകല്പന നടത്തി വരുന്നത്. ഇതിന്റെ എഞ്ചിനീയറിംഗ് ഡിസൈൻ പൂർത്തിയാക്കുകയും, ഒരു യന്ത്രം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ട്രയൽ റൺ നടത്തിയപ്പോൾ ന്യൂനതകൾ കണ്ടതിനെ തുടർന്ന് വിശദമായ പരീക്ഷണങ്ങൾ നടന്നു വരികയാണ്. |
| (ബി) പ്രസ്തുത യന്ത്രം നിർമ്മിക്കുവാനുള്ള പ്രവർത്തനം എന്ന് ആരംഭിച്ചുവെന്നും, അതിനായി കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) 2009 നവംബർ മാസത്തിലാണ് പ്രസ്തുത യന്ത്രം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചത്. കയർ പിരി യന്ത്രം രൂപകല്പന ചെയ്യുന്നതിനും, നിർമ്മിക്കുമ്പോൾ ആവശ്യമായമാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി യന്ത്രങ്ങളുടെ രൂപകല്പനയിലും നിർമ്മാണത്തിലും വൈദഗ്ദ്ധ്യമുള്ള ഒരു കൺസൾട്ടന്റിനെ എൻ സി ആർ എം ഐ നിയോഗിച്ചിട്ടുണ്ട്. |
| (സി) കൺസൾട്ടൻസിക്ക് ഇതുവരെ എത്ര തുക ചെലവായി എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) കൺസൾട്ടൻസിക്ക് ഇതുവരെ ഏകദേശം 272000 രൂപ ചെലവായിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത യന്ത്രം ഗുണഭോക്താക്കൾക്ക് മുന്നിൽ എന്ന് പ്രദർശിപ്പിക്കുന്നതിനാണ് എൻ.സി.ആർ. എം.ഐ ഉദ്ദേശിക്കുന്നത് എന്ന് വ്യക്ത മാക്കുമോ? | (ഡി) കയർ പിരി യന്ത്രത്തിന്റെ ന്യൂനതകൾ മുഴുവൻ മൂന്ന് മാസത്തിനകം പരിഹരിച്ച് ഗുണഭോക്താക്കൾക്ക് മുന്നിൽ പ്രദർശിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ